**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2857** **25-06-2024 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പിന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; ഇതിനായി പ്രസ്തുത കാലയളവിൽ ഓരോ സാമ്പത്തിക വർഷത്തെയും ബജറ്റിൽ എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) | പിന്നാക്ക വിഭാഗ വികസന വകുപ്പിന് കീഴിൽ ഒരു വകുപ്പ് ഡയറക്ടേറ്റും മൂന്ന് കോർപ്പറേഷനുകളും പ്രവർത്തിച്ച് വരുന്നു. ഇവ മുഖേന പിന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയതും ചെലവഴിച്ചതുമായ പദ്ധതികളുടെയും അവയുടെ ഗുണഭോക്താക്കളായ വിഭാഗങ്ങളുടെയും 2024-25 വർഷം നടപ്പിലാക്കുന്ന വിവിധ പദ്ധതികളും അവയ്ക്ക് വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കളിൽ ഏതെല്ലാം സമുദായവിഭാഗങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | പിന്നാക്ക വിഭാഗ വികസന വകുപ്പിന് കീഴിൽ ഒരു വകുപ്പ് ഡയറക്ടേറ്റും മൂന്ന് കോർപ്പറേഷനുകളും പ്രവർത്തിച്ച് വരുന്നു. ഇവ മുഖേന പിന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയതും ചെലവഴിച്ചതുമായ പദ്ധതികളുടെയും അവയുടെ ഗുണഭോക്താക്കളായ വിഭാഗങ്ങളുടെയും 2024-25 വർഷം നടപ്പിലാക്കുന്ന വിവിധ പദ്ധതികളും അവയ്ക്ക് വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| (സി) | 2024-25 വർഷം പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | പിന്നാക്ക വിഭാഗ വികസന വകുപ്പിന് കീഴിൽ ഒരു വകുപ്പ് ഡയറക്ടേറ്റും മൂന്ന് കോർപ്പറേഷനുകളും പ്രവർത്തിച്ച് വരുന്നു. ഇവ മുഖേന പിന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയതും ചെലവഴിച്ചതുമായ പദ്ധതികളുടെയും അവയുടെ ഗുണഭോക്താക്കളായ വിഭാഗങ്ങളുടെയും 2024-25 വർഷം നടപ്പിലാക്കുന്ന വിവിധ പദ്ധതികളും അവയ്ക്ക് വകയിരുത്തിയിട്ടുള്ള |

| | | | |
|---|---|---|---|
| | | | ബജറ്റ് വിഹിതവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടേറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

**1) ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ**

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ്/അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മറ്റർഹ(ഒ.ഇ.സി) സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക്.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | വിഭാഗം |
|---|---|---|---|
| 2021-22 | 2500,00,000/- | 199859515/- | മറ്റർഹ(ഒ.ഇ.സി) (വരുമാന പരിധിയില്ല) ഒ.ഇ.സിക്ക് തത്തുല്യ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് തെരഞ്ഞെടുത്ത 30 ഒ.ബി.സി സമുദായങ്ങൾക്ക് (6 ലക്ഷം രൂപയാണ് വരുമാന പരിധി.) |
| 2022-23 | 2500,00,000/- | 162437526/- | |
| 2023-24 | 2500,00,000/- | 239596602/- | |
| 2024-25 | 2500,00,000/- | | |

**2) ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ**

+2 മുതൽ Ph.D വരെയുള്ള കോഴ്സുകളിൽ പ്രവേശനം നേടുന്ന ഒ.ഇ.സി, ഒ.ബി.സി(എച്ച്) വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്ന പദ്ധതിയാണ്. സംസ്ഥാനത്ത് പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്നവർക്കും സംസ്ഥാനത്തിനു പുറത്ത് അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും കേന്ദ്ര ഏജൻസിയുടെ അലോട്ട്മെന്റ് പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികള്ക്കും സ്കോളർഷിപ്പ് അനുവദിക്കുന്നു. കെ.പി.സി.ആർ ന്റെ അടിസ്ഥാനത്തിൽ SEBC വിഭാഗത്തിൽപ്പെട്ട സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും, സ്വാശ്രയ എഞ്ചിനീയറിംഗ് കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും സർക്കാർ നിരക്കിലുള്ള ഫീസ് അനുവദിക്കുന്നു. 1 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | വിഭാഗം |
|---|---|---|---|
| 2021-22 | 3102000000/- | 3096480659/- | ഒ.ഇ.സി (വരുമാന പരിധി ഇല്ല. ഒ.ബി.സി(എച്ച്) ഒ.ഇ.സി ക്ക് തത്തുല്യ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് തെരഞ്ഞെടുത്ത 30 ഒ.ബി.സി സമുദായങ്ങൾക്ക് (6 ലക്ഷം രൂപയാണ് വരുമാന പരിധി.) |
| 2022-23 | 2870000000/- | 2052621539/- | |
| 2023-24 | 6,18,41,00,000/- | 6164545454/- | |
| 2024-25 | 2400,000,000/- | | |

**3) ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് (50% കേന്ദ്ര സഹായം )**

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കാത്ത ഒ.ബി.സി വിഭാഗം വിദ്യാർത്ഥികൾക്ക് 50% കേന്ദ്ര സഹായത്തോടെ അനുവദിക്കുന്ന സ്കോളർഷിപ്പാണിത്.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | വിഭാഗം |
|---|---|---|---|
| 2021-22 | 3600,00,000/- | 104946000/- | ഒ.ബി,സി |
| 2022-23 | 378702000/- | 288705000/- | |

**4) ഒ.ബി.സി പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (കേന്ദ്രാവിഷ്കൃത പദ്ധതി)**

സംസ്ഥാനത്തിനുള്ളിൽ ഹയർസെക്കന്ററി കോഴ്സുകൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരുന്ന ഈ പദ്ധതി 2015-2016 മുതൽ സംസ്ഥാനത്തിന് പുറത്ത് ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിലെ അർഹരായ വിദ്യാർത്ഥികൾക്കും സംസ്ഥാനത്തിനകത്തെ സി.എ,സി.എം.എ,സി.എസ് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൂടി ബാധകമാക്കി. 2023-2024 മുതൽ ഈ പദ്ധതി നിർത്തലാക്കി.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | വിഭാഗം |
|---|---|---|---|
| 2021-22 | 6000,00,000/- | 38349225/- | ഒ.ബി.സി (കുടുംബ വാർഷിക വരുമാന |

| | | | |
|---|---|---|---|
| 2022-23 | 6000,00,000/- | 561,650,775/- | പരിധി 2.5 ലക്ഷം രൂപ) |

**5) PM-YASASVI Pre-matric Scholarship for OBC & EBC (60% CSS)**

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 50% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന, കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കാത്ത ഒ.ബി.സി സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക്പ്രതിവർഷം 1500/-രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നതായിരുന്നു പദ്ധതി. എന്നാൽ 2022-23 മുതൽ കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച മാനദണ്ഡ പ്രകാരം 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പ്രസ്തുത സ്കോളർഷിപ്പ് ആയതനുസരിച്ച് 60:40 എന്ന ഫണ്ട് പാറ്റേൺ പ്രകാരം പരിമിതപ്പെടുത്തുകയും ആനുകൂല്യ തുക 4000/- രൂപയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. വരുമാന പരിധിയിൽ മാറ്റമില്ല.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2023-24 | 211634000/- | 126234000 |
| 2024-25 | 247840000/- | |

**6) PM-YASASVI Post-matric Scholarship for OBC & EBC (കേന്ദ്ര സഹായം പദ്ധതി)**

സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ഹയർ സെക്കന്ററി വിദ്യാർത്ഥികൾ, സംസ്ഥാനത്തിനകത്ത് CA/CMA/ICWA/CS കോഴ്സുകളിൽ പഠിക്കുന്നവർ, സംസ്ഥാനത്തിനു പുറത്ത് ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പ രീതി പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ എന്നിവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹതയുള്ളത്.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | വിഭാഗം |
|---|---|---|---|
| 2023-24 | 6000,00,000/- | 6000,00,000/- | ഒ.ബി.സി കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ. |
| 2024-25 | 145000000/- | | |

**7) കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി**

1 മുതൽ 8 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് 2023-24 മുതൽ നടപ്പാക്കുന്നു. വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കവിയാത്ത ന്യൂനപക്ഷ സമുദായം ഒഴികെയുള്ള ഒ.ബി സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെറിറ്റിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിലേതിന് സമാനമായി പ്രതിവർഷം 1500/- രൂപ വീതം അനുവദിച്ചു നല്കുന്നു.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | വിഭാഗം |
|---|---|---|---|
| 2023-24 | 250,000,000 | 172,816,500 | ന്യൂനപക്ഷ സമുദായം ഒഴികെയുള്ള ഒ ബി സി (വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ) |
| 2024-25 | 30,000,000/- | | |

**8) ഓവർസീസ് സ്കോളർഷിപ്പ്**

ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട ഉന്നത പഠന നിലവാരം പുലർത്തി വരുന്ന വിദ്യാർത്ഥികൾക്ക് വിദേശസർവ്വകലാശാലകളിൽ മെഡിക്കൽ/ എഞ്ചിനീയറിങ്/ പ്യൂവർ സയൻസ്/ അഗ്രികൾച്ചർ/ മാനേജ്മെന്റ് കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നതിനുള്ള അവസരം ഒരുക്കി നടപ്പാക്കുന്ന പദ്ധതിയാണിത്. പരമാവധി 10 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. വർഷം തോറും ശരാശരി 20 പേരെയാണ് ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | വിഭാഗം |
|---|---|---|---|
| 2021-22 | 11,000,000 | 11,000,000 | ഒ.ബി.സി (6 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി. |
| 2022-23 | 23,000,000 | 14,597,092 | |

| | | | |
|---|---|---|---|
| 2023-24 | 20,000,000 | 15,695,665 | |
| 2024-25 | 150,000,000/- | | |

**9) മാതാവോ പിതാവോ രണ്ട്പേരുമോ നഷ്ടപ്പെട്ട ഒ.ബി.സി വിഭാഗം പെൺകുട്ടികൾക്ക് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ പഠിക്കുന്നതിന് സ്കോളർഷിപ്പ് - പ്രതിവർഷം 50,000/- രൂപ**

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | വിഭാഗം |
|---|---|---|---|
| 2022-23 | 10,000,000 | 1,694,290 | ഒ.ബി.സി (കുടുംബ വാർഷിക വരുമാന പരിധി 2.50 ലക്ഷം രൂപ) |
| 2023-24 | 5,000,000 | 1,493,596 | |
| 2024-25 | 50,00,000/- | | |

**10) എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം**

പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ, തൊഴിൽ പരിശീലനം എന്നിവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്.

(a) **മെഡിക്കൽ/എഞ്ചിനീയറിംഗ്, ബാങ്കിംഗ്, സിവിൽ സർവ്വീസ്, UGC/JRF, GATE/MAT പരീക്ഷാ പരിശീലന ധനസഹായം, നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനത്തിന് ധനസഹായം.**

| പരിശീലന ഇനം | കുടുംബ വാർഷിക വരുമാനം | പരമാവധി ട്യൂഷൻ ഫീസ് | മെയിന്റനൻസ് അലവൻസ് | ആകെ അനുവദിക്കുന്ന പരമാവധി തുക | വിഭാഗം |
|---|---|---|---|---|---|
| മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് | 2 ലക്ഷം | 20000/- | 10000/- | 30000/- | ഒ.ബി.സി |
| ബാങ്കിംഗ് | 2 ലക്ഷം | 10000/- | 10000/- | 20000/- | |
| സിവിൽ സർവ്വീസ് | 4.5 ലക്ഷം | 15000/- | 10000/- | 25000/- | |
| UGC/JRF,GATE/MAT | 2.5 ലക്ഷം | 15000/- | 10000/- | 25000/- | |
| IELTS/TOEFL/OET/NCLEX | 2.5 ലക്ഷം | - | - | 14000/- | |

2024-25 വർഷം 55,000,000/- രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്

**b) ഒ.ബി.സി പ്രൊഫഷണൽസിനുള്ള സ്വയം തൊഴിൽ വായ്പ**

പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനായി 2017-18 ൽ തുടക്കമിട്ട ഈ പദ്ധതി പ്രകാരം,ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട്അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി ആയി നൽകുന്നു.

**c) ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയം തൊഴിൽ വായ്പ**

പിന്നാക്ക വിഭാഗ വികസന വകുപ്പും, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. സമയബന്ധിതമായി തവണ തുക തിരിച്ചടയ്ക്കുന്നവർക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് വായ്പാ തുകയുടെ 50%(പരമാവധി 25,000/-രൂപ) സബ്സിഡി ആയി നൽകുന്നു.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | വിഭാഗം |
|---|---|---|---|
| 2021-22 | 60,000,000 | 59,999,103 | ഒ.ബി.സി |
| 2022-23 | 60,000,000 | 38,994,380 | |
| 2023-24 | 55,000,000 | 35,045,253 | |

| | | | |
|---|---|---|---|
| 2024 - 25 | 55,000,000 | | |

### 11) ആട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം

ഓട്ടോമൊബൈൽ, ട്രാവൽ ടൂറിസം, ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ, പോളിമർ ടെക്നോളജി തുടങ്ങിയ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങള് പ്രയോജനപ്പെടുത്തുന്നതിനാണ് ഈ പദ്ധതി ലക്ഷമിടുന്നത്. ഒരാൾക്ക് പ്രതിമാസം പരമാവധി 8,000/- രൂപ വീതം 10 മാസത്തേക്ക് നൽകുന്നു.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | വിഭാഗം |
|---|---|---|---|
| 2021-22 | 5,000,000 | 4,999,290 | ഒ.ബി.സി |
| 2022-23 | 6,000,000 | 6,000,000 | |
| 2023-24 | 15,000,000 | 8,850,000 | |
| 2024-25 | 15,000,000 | | |

### 12) പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം

പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ നവീകരിക്കുന്നതിനും യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും വേണ്ടി 50,000/- രൂപ വീതം ധനസഹായം നൽകുന്നു. 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2021-22 | 2,800,000 | 2,800,000 |
| 2022-23 | 2,800,000 | 1,800,000 |
| 2023-24 | 4,000,000 | 2,593,750 |
| 2024-25 | 4,000,000 | |

### 13) പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം

പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് ബാർബർഷോപ്പ് നവീകരിക്കുന്നതിന് പരമാവധി 25000/- രൂപ വരെ 2 ഗഡുക്കളായി ഗ്രാന്റ് അനുവദിക്കുന്ന ഈ പദ്ധതി 2015-16 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2021-22 | 3,500,000 | 3,500,000 |
| 2022-23 | 4,600,000 | 2,985,040 |
| 2023-24 | 4,000,000 | 2,600,000 |
| 2024-25 | 20,00,000/- | |

### 14) മറ്റു പിന്നാക്ക വിഭാഗത്തിലെ പരമ്പരാഗത കരകൗശല തൊഴിലാളികൾക്കുള്ള പണി ആയുധങ്ങൾക്കുള്ള ഗ്രാന്റ്.

പിന്നാക്ക സമുദായങ്ങളിൽപ്പെട്ട പരമ്പരാഗത തൊഴിൽമേഖലയിലെ തൊഴിലാളികളുടെ നൈപുണ്യം വികസിപ്പിക്കുന്നതിനും ടൂള്കിറ്റ് നൽകുന്നതിനുമുള്ള പദ്ധതിയാണിത്. 60 വയസ്സു വരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. കുടുംബ വാർഷിക വരുമാനപരിധി 1 ലക്ഷം രൂപ. പരമാവധി 20,000/-രൂപയാണ് ആനുകൂല്യം അനുവദിക്കുന്നത്.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | വിഭാഗം |
|---|---|---|---|

| | | | |
|---|---|---|---|
| 2021-22 | 25,000,000 | 25,000,000 | ഒ.ബി.സി |
| 2022-23 | 32,000,000 | 20,792,486 | |
| 2023-24 | 32,400,000 | 21,060,000 | |
| 2024-25 | 30,900,000 | | |

### 15) ഇലക്ട്രിക്/സിഎൻജി ഓട്ടോ ടാക്സികൾ വാങ്ങുന്നതിനുള്ള സഹായം

ന്യൂ ജനറേഷൻ ഇലക്ട്രിക്/ സിഎൻജി വാഹനങ്ങൾ വാങ്ങാൻ നൽകുന്ന വാഹന വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപ വരെയോ സബ്സിഡി നൽകുന്നു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണനക്ഷേമ വികസന കോർപ്പറേഷൻ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിലേക്ക് അർഹരായ അപേക്ഷകരെ വകുപ്പ് ശുപാർശ ചെയ്യുകയും ഈ കോർപ്പറേഷനുകളിൽ നിന്ന് അവർക്ക് വായ്പ നൽകുകയും ചെയ്യുന്നു.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | വിഭാഗം |
|---|---|---|---|
| 2023-24 | 10,000,000 | 887,118 | ഒ.ബി.സി |
| 2024-25 | 80,00,000 | | |

### 16) പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾ

ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായുള്ള സ്റ്റാളുകൾ ആകർഷകമാക്കുക, നിർമ്മാണ കേന്ദ്രങ്ങളിൽ നിന്ന് ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനു വാഹന സൗകര്യം ഒരുക്കുക, നിർമ്മാതാക്കളുടെ ഒരു ഡാറ്റാ ബേസ് ഉണ്ടാക്കുക. ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ തുടങ്ങുക എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | വിഭാഗം |
|---|---|---|---|
| 2023-24 | 8,000,000 | NIL | ഒ.ബി.സി |
| 2024-25 | 40,00,000 | | |

### 17) കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി

പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ അധിവസിക്കുന്ന കുംഭാര കോളനികളുടെ സമഗ്ര വികസനത്തിന് വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഒരു കോളിനിയ്ക്ക് 1 കോടി രൂപ എന്ന നിരക്കിലാണ് പദ്ധതി നടപ്പാക്കുന്നത്.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | വിഭാഗം |
|---|---|---|---|
| 2021-22 | 4,727,000 | 4,726,153 | ഒ.ബി.സി |
| 2022-23 | 5,000,000 | NIL | |
| 2023-24 | 1,000,000 | NIL | |
| 2024-25 | 100,00,000 | | |

### 18) അഡ്വക്കേറ്റ് ഗ്രാന്റ്

അഭിഭാഷക കൌൺസിലിൽ എൻറോൾ ചെയ്ത ഒ.ബി.സി വിഭാഗത്തിൽപ്പെട്ട നിയമ ബിരുദധാരികൾക്ക് പ്രാക്ടീസ്

ചെയ്യുന്നതിന് പ്രതിവർഷം 12,000/-രൂപ വീതം 3 വർഷത്തേക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | വിഭാഗം |
|---|---|---|---|
| 2021-22 | 1,200,000 | 1,200,000 | ഒ.ബി.സി ( വരുമാന പരിധി 1 ലക്ഷം രൂപ) |
| 2022-23 | 1,200,000 | 1,200,000 | |
| 2023-24 | 1,200,000 | 780,000 | |
| 2024-25 | 12,00,000 | | |

**19) വിശ്വകർമ്മജർക്കുള്ള പെൻഷൻ**

60 വയസ്സ് തികഞ്ഞ പരമ്പരാഗത വിശ്വകർമ്മ തൊഴിലിൽ ഏർപ്പെട്ടിരുന്നവർക്ക് പ്രതിമാസം 1600/- രൂപ പെൻഷൻനൽകി വരുന്നു.

| വർഷം | ബജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | വിഭാഗം |
|---|---|---|---|
| 2021-22 | 5,000,000 | 4,999,363 | ഒ.ബി.സി |
| 2022-23 | 5,000,000 | 4,720,546 | |
| 2023-24 | 5,000,000 | 4,983,800 | |
| 2024-25 | 50,00,000 | | |

**20. ഒ.ബി.സി വിഭാഗത്തിൽപ്പെട്ട വിധവകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി**

ഒ.ബി.സി വിഭാഗത്തിൽപ്പെട്ട വിധവകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 2024-25 വർഷം 2,75,00,000/- രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**21. മൊബൈൽ സ്ട്രീറ്റ് വെന്റിംഗ് കാർട്ട്**

മൊബൈൽ സ്ട്രീറ്റ് വെന്റിംഗ് കാർട്ട് പദ്ധതി നടപ്പിലാക്കുന്നതിനായി 2024-25 വർഷം 45,00,000/- രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**22. എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട്-അപ്പ് സംരംഭങ്ങൾ**

എഞ്ചിനിയറിംഗ് പ്രഫഷണലുകൾക്കുള്ള സ്റ്റാർട്ട്-അപ്പ് സംരഭങ്ങൾ പദ്ധതി നടപ്പിലാക്കുന്നതിനായി 2024-25 വർഷം 2,50,00,000/- രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

കോർപ്പറേഷന്റെ ലക്ഷ്യ വിഭാഗത്തിൽപ്പെട്ട പട്ടികജാതിയിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ച പരിവർത്തിത ക്രൈസ്തവർ, പട്ടികജാതിയിലേക്ക് ശിപാർശ ചെയ്യപ്പെട്ട വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികൾ

(തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതി | 2021-22 | | 2022-23 | | 2023-24 | | 2024-25 |
|---|---|---|---|---|---|---|---|---|
| | | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ബജറ്റ് വിഹിതം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | ഭവന നിർമ്മാണ വായ്പ | 46 | 172.85 | 49 | 179.50 | 132 | 560.85 | |
| 2 | ഭവന പുനരുദ്ധാരണ വായ്പ/ ഭവന പൂർത്തീകരണ വായ്പ | 32 | 62.50 | 45 | 83.25 | 50 | 136.25 | |
| 3 | ഭൂരഹിത ഭവന രഹിത വായ്പ | 10 | 39.25 | 6 | 27.75 | 7 | 30.00 | |
| 4 | വിവാഹ വായ്പ | 50 | 83.09 | 63 | 113.40 | 70 | 145.24 | |
| 5 | വ്യക്തിഗത വായ്പ | 110 | 248.63 | 182 | 448.73 | 252 | 667.31 | |
| 6 | സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പ | 11 | 25.82 | 13 | 40.35 | 15 | 46.55 | |
| 7 | ഉയർന്ന വരുമാനക്കാർക്കുള്ള വ്യക്തിഗത വായ്പ | 9 | 30.00 | 25 | 89.04 | 26 | 95.61 | 800 |
| 8 | സ്വയംതൊഴിൽ വായ്പ | 1 | 0.60 | 0 | 0 | 0 | 0 | |
| 9 | വിദ്യാഭ്യാസ വായ്പ | 5 | 23.09 | 14 | 33.28 | 17 | 38.37 | |
| 10 | കൃഷിഭൂമി വായ്പ | | | 0 | 0 | 2 | 6.30 | |
| 11 | ഭവന പൂർത്തീകരണ വായ്പ | 4 | 6.25 | 2 | 5.00 | 0 | 0.00 | |
| 12 | ഉയർന്ന വരുമാനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ | 1 | 9.40 | 2 | 4.00 | | 1.00 (ഗഡു) | |
| 13 | വീടും സ്ഥലവും വായ്പ പദ്ധതി | 1 | 7.20 | 1 | 8.70 | 1 | 10.00 | |
| 14 | വിദേശ വിദ്യാഭ്യാസ വായ്പ | 0 | 0 | 0 | 0 | 2 | 15.00 | |
| | ആകെ | 280 | 708.68 | 402 | 1033.00 | 574 | 1752.48 | |

2021-22., 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ

(തുക ലക്ഷത്തിൽ)

| വർഷം | ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക | ചെലവഴിച്ച തുക |
|---|---|---|
| 2021-22 | 500 | 500 |
| 2022-23 | 570 | 350 |
| 2023-24 | 600 | 150 |

**<u>കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ</u>**

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപറേഷൻ മറ്റ് പിന്നോക്ക സമുദായങ്ങളിൽപ്പെട്ട എല്ലാ വിഭാഗക്കാരുടെയും വികസനത്തിനായി 2021-2022, 2022-2023, 2023-2024 എന്നീ സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ വിവിധ വായ്പാ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തുക (ലക്ഷത്തിൽ)

| | 2021-22 | | 2022-23 | | 2023-24 | | 2024-25 |
|---|---|---|---|---|---|---|---|
| വായ്പാ പദ്ധതി | ഗുണഭോക്താക്കൾ | | ഗുണഭോക്താക്കൾ | തുക | ഗുണഭോക്താക്കൾ | തുക | |
| ആശ്വാസകിരണം | 246 | 299.44 | 9 | 10.71 | 0 | 0 | 900 |
| ബിസിനസ് Development വായ്പ | 70 | 212.89 | 63 | 213.48 | 82 | 278.69 | |
| വിദ്യാഭ്യാസ വായ്പാ പദ്ധതി | 180 | 1276.86 | 255 | 1195.15 | 187 | 1116.94 | |
| എന്റെ വീട് - ഭവന പദ്ധതി | 412 | 2517.68 | 534 | 3443.37 | 753 | 4728.81 | |
| വിവാഹ സഹായ പദ്ധതി | 2246 | 4240.27 | 1575 | 2988.15 | 1257 | 2403.06 | |
| മൈക്രോ ഫിനാൻസ് സ്കീം | 50542 | 25677.11 | 49504 | 29687.03 | 55649 | 33648.81 | |
| New സ്വർണിമ പദ്ധതി | 56 | 85.74 | 65 | 110.36 | 20 | 29.84 | |

| | | | | | | | |
|---|---|---|---|---|---|---|---|
| വ്യക്തിഗത വായ്പ | 1098 | 3346.86 | 1859 | 5847.11 | 1992 | 6518.82 | |
| പ്രവാസി സുരക്ഷാ സ്വയം തൊഴിൽ പദ്ധതി | 117 | 663.09 | 90 | 548.31 | 75 | 417.98 | |
| സ്വയം തൊഴിൽ പദ്ധതി | 6664 | 17136.27 | 5749 | 15028.3534 | 4256 | 11170.92 | |
| സ്വയം തൊഴിൽ പദ്ധതി(Green Wheel) | 0 | 0 | 0 | 0 | 8 | 34.25 | |
| സ്വയം തൊഴിൽ പദ്ധതി(Re-Life) | 459 | 457.13 | 213 | 211.33 | 1 | 1.00 | |
| സുവർണശ്രീ | 5297 | 13538.44 | 6912 | 18158.67 | 6670 | 17744.94 | |
| സ്വസ്ഥഗൃഹ | 46 | 151.70 | 49 | 154.14 | 31 | 101.60 | |
| ഉണർവ് ലോൺ സ്കീം | 0 | 0 | 0 | 0 | 1 | 0.50 | |
| വാഹന വായ്പ | 17 | 31.99 | 22 | 29.07 | 18 | 35.99 | |
| വിദ്യശ്രീ | 470 | 985.58 | 443 | 1017.69 | 386 | 1088.59 | |
| പ്രവർത്തന മൂലധന വായ്പ | 283 | 693.05 | 371 | 879.52 | 361 | 909.61 | |
| ആകെ | 68203 | 71314.09 | 67713 | 79522.45 | 71747 | 80230.37 | |

2021-2022, 2022-2023, 2023-2024 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി പ്രഖ്യാപിച്ച തുകയും കോർപറേഷൻ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ബഡ്ജറ്റ് വിഹിതം (കോടിയിൽ) | സർക്കാർ അനുവദിച്ച തുക (കോടിയിൽ) | ചെലവഴിച്ചതുക |
|---|---|---|---|
| 2021-22 | 13.50 | 12.64 | 12.64 |
| 2022-23 | 16.00 | 00 | 00 |
| 2023-24 | 16.00 | 00 | 00 |

**കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ**

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപറേഷൻ കളിമൺപാത്ര തൊഴിലാളി വിഭാഗത്തിലെ സമുദായങ്ങളുടെ വികസനത്തിനായി 2021-2022, 2022-2023, 2023-2024 എന്നീ സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ വിവിധ വായ്പാ പദ്ധതികൾ

a) Pottery Manufacturing Unit Loan (PMU). b) Pottery Working Capital Loan (PWCL). c) SHG Group Loan.

2021-2022, 2022-2023, 2023-2024 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി പ്രഖ്യാപിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ബഡ്ജറ്റ് വിഹിതം (ലക്ഷത്തില്) | ചെലവഴിച്ചതുക (രൂപ) |
|---|---|---|
| 2021-22 | 70 | 00 |
| 2022-23 | 70 | 00 |
| 2023-24 | 70 | 10,09,328/- |
| 2024-25 | 80 | |